(സി) ധനകാര്യ വകുപ്പിന്റെ ശിപാർശ പ്രകാരം പ്രസ്തുത ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ചില ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

കൊല്ലപ്പെട്ട ആദിവാസി ജോഗിയുടെ ആശ്രിതർക്ക് സർക്കാർ നിയമനം

130 [1816] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുത്തങ്ങയിൽ ആദിവാസി സമരത്തെത്തുടർന്ന് കൊല്ലപ്പെട്ട ജോഗിയുടെ കുടുംബത്തിലാർക്കെങ്കിലും സർക്കാർ ജോലി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇക്കാര്യം പരിഗണനയിലില്ല.

തിരുവമ്പാടി മണ്ഡലത്തിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്താൻ അനുമതി

131 [1818] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ വിവിധ പട്ടികജാതി-പട്ടികവർഗ്ഗ/ആദിവാസി കോളനികളിൽ 2001 ജൂൺ മുതൽ 2003 ഡിസംബർ വരെ എന്തൊക്കെ വികസന പ്രവർത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ ഏതൊക്കെ നടപ്പിലാക്കിക്കഴിഞ്ഞു എന്ന് അറിയിക്കാമോ;

(സി) മലയോര-കുടിയേറ്റ മേഖലയായ തിരുവമ്പാടി മണ്ഡലത്തിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്താൻ അനുമതി നൽകുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ ആദിവാസി കോളനികളിലെ വികസന പ്രവർത്തനങ്ങൾ

(i) കൂടരഞ്ഞി പഞ്ചായത്തിലെ മഞ്ഞക്കടവ് കോളനിയിൽ 19 വീടുകളുടെ വയറിംഗിനായി 1000 രൂപ നിരക്കിൽ 19000 രൂപ അനുവദിച്ചു.

(ii) പുതുപ്പാടി പഞ്ചായത്തിലെ പയോണ കോളനിയിൽ കിണർ നിർമ്മിക്കുന്നതിനുവേണ്ടി 36,797 രൂപ അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(iii) തിരുവമ്പാടി പഞ്ചായത്തിലെ മുത്തപ്പൻപുഴ കോളനിയിൽ 4 വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി 40000 രൂപ അനുവദിച്ചു.

(iv) കുന്ദമംഗലം ബ്ലോക്കിൽപ്പെട്ട വിവിധ കോളനികളിൽ 40 വീടുകൾ നിർമ്മിക്കുന്നതിനും വീടുകൾ റിപ്പയർ ചെയ്യുന്നതിനും കക്കൂസ് നിർമ്മാണത്തിനും ബ്ലോക്ക് സെക്രട്ടറിക്ക് 9,75,000 രൂപ അനുവദിച്ചു. ഈ തുക ടി.എസ്.പി./എസ്.ജി.ആർ.വൈ. പദ്ധതികളിൽ നിന്നും സംയുക്തമായാണ് കണ്ടെത്തിയിരിക്കുന്നത്.

(v) പുതുപ്പാടി പ്രീ മെട്രിക് ഹോസ്റ്റൽ റിപ്പയറംഗിനുവേണ്ടി 1,00,000 രൂപ അനുവദിച്ചു.

(vi) വട്ടച്ചിറ കളക്ടീവ് ഫാമിന് കൂട്ടുകൃഷിക്കുവേണ്ടി 3 ലക്ഷം രൂപ അനുവദിച്ചു.

(vii) അടിയ-പണിയ പാക്കേജിൽ ഉൾപ്പെടുത്തി തിരുവമ്പാടി പഞ്ചായത്തിലെ മേലെപൊന്നാങ്കയം കോളനിയിൽ ആടുവളർത്തൽ കേന്ദ്രം തുടങ്ങുന്നതിന് ജില്ലാ കുടുംബശ്രീ കോ ഓർഡിനേറ്റർക്ക് 1,87,000 രൂപ അനുവദിച്ചു.

(viii) കോടഞ്ചേരി പഞ്ചായത്തിലെ കോലിക്കുന്ന കോളനിയിലെ കുടിവെള്ള പദ്ധതിയ്ക്കായി 2,03,192 രൂപ അനുവദിച്ചു.

(ix) കാരശ്ശേരി, കൊടിയത്തൂർ ഗ്രാമപഞ്ചായത്തുകളിലെ ആറു പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് റബ്ബർ കൃഷിക്ക് 3100 രൂപ പ്രകാരം 18,600 രൂപ അനുവദിച്ചു.

(x) പുതുപ്പാടി പഞ്ചായത്തിലെ പയോണ കോളനിയിലെ ഒരു ഗുണഭോക്താവിന് പെട്ടിക്കട നടത്തുന്നതിന് 5000 രൂപ അനുവദിച്ചു.

(xi) കൂടരഞ്ഞി പഞ്ചായത്തിലെ അകംപുഴ കോളനിയിൽ ഒരു കിണർ നിർമ്മിക്കുന്നതിന് 10,000 രൂപ അനുവദിച്ചു.

(xii) താമരശ്ശേരി പുതുപ്പാടി, കാരശ്ശേരി, കോടഞ്ചേരി എന്നീ 4 ഗ്രാമപഞ്ചായത്തുകളിൽ പുതിയ 25 വീടുകൾ നിർമ്മിക്കുന്നതിന് ഇതുവരെ 8,23,200 രൂപ അനുവദിച്ചിട്ടുണ്ട്.

പട്ടികജാതി കോളനികൾ

അധികാര വികേന്ദ്രീകരണത്തെത്തുടർന്ന് കോളനികളുടെ വികസന പ്രവർത്തനങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതിനാൽ പട്ടികജാതി വികസന വകുപ്പ് വികസന പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നില്ല. തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടത്തിയ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) പട്ടികവർഗ്ഗ കോളനികളിലെ വികസന പ്രവർത്തനങ്ങളിൽ ചോദ്യം (എ)-യുടെ ഉത്തരത്തിലെ (i), (ii), (iii), (v), (ix), (x), (xi) പിരിവുകൾ പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആദിവാസി ഊരുകൂട്ടത്തിൽ നിന്നും വരുന്ന പദ്ധതി നിർദ്ദേശങ്ങൾ പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പാക്കുന്നതാണ്. പട്ടികജാതി കോളനികളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

132 [1819] ശ്രീ. കോവൂർ കുഞ്ഞുമോൻ:
" എ. എ. അസീസ്:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റ്, ലംസംഗ്രാന്റ് എന്നിവ സ്കൂൾ, കോളേജ്, പ്രൊഫഷണൽ വിദ്യാഭ്യാസം ഇതര പാഠ്യ പദ്ധതികളിൽ ഓരോന്നിനും എത്ര മാസത്തെ കുടിശ്ശികയുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) സൗജന്യ കംപ്യൂട്ടർ പരിശീലന പദ്ധതിയിലെ വിദ്യാർത്ഥികളിൽ പഠനം പൂർത്തിയാക്കിയവർക്കുപോലും സ്റ്റൈപ്പന്റ് നൽകാത്തതിന്റെ കാരണം വെളിപ്പെടുത്താമോ;

(സി) പട്ടികജാതി/വർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ആനുകൂല്യങ്ങൾ സമയബന്ധിതമായി കുടിശ്ശിക തീർത്ത് കൊടുക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വിഭാഗത്തിന് നടപ്പ് അദ്ധ്യയന വർഷം പുതുതായി ചേർന്നവർക്ക് 6 മാസത്തെ കുടിശ്ശിക വിദ്യാഭ്യാസാനുകൂല്യം നൽകാനുണ്ട്. മറ്റുള്ള വിദ്യാർത്ഥികൾക്ക് കോളേജ്തലം പ്രൊഫഷണൽ വിദ്യാഭ്യാസം ഇതര പാഠ്യപദ്ധതി എന്നിവയിൽ നാലു മാസത്തെ കുടിശ്ശിക നൽകാനുണ്ട്. കൂടാതെ ചില സ്ഥാപനങ്ങളിൽ മുൻ വർഷത്തെ കുടിശ്ശികയും നൽകാനുണ്ട്.

പട്ടികജാതി വിഭാഗത്തിന് പോസ്റ്റ് മെട്രിക് തലത്തിൽ 2003-04 വർഷത്തിൽ നാലു മാസത്തേക്കുള്ള അഡ്വാൻസ് സ്റ്റൈപ്പന്റ്, ലംസംഗ്രാന്റ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള മാസങ്ങളിലെ തുക കുടിശ്ശികയാണ്.

ഈ അദ്ധ്യയന വർഷത്തിൽ സ്കൂൾ തലത്തിൽ പട്ടികജാതി വിഭാഗത്തിന് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly